LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന ടൂറിസം പദ്ധതികളിലെ ക്രമക്കേട്

247 (5050) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന ടൂറിസം പദ്ധതികളിൽ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് കേന്ദ്രം സംസ്ഥാന ടൂറിസം വകുപ്പിന് കത്ത് നൽകിയിട്ടുണ്ടോയെന്ന വ്യക്തമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളിലാണ് ക്രമക്കേട് കണ്ടെത്തിയതെന്ന് വിശദമാക്കാമോ ;

(സി) ഇത്തരം ക്രമക്കേടുകൾ കേന്ദ്രസഹായം നിർത്തലാക്കുന്ന അവസ്ഥയുണ്ടാക്കുന്നതിന് കാരണമാകുമെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ-സി) 2008-2009 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിയ 4 പദ്ധതികൾ ഇന്ത്യാ ടൂറിസം അസിസ്റ്റന്റ് ഡയറക്ടർ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ചൂണ്ടിക്കാട്ടിയ 'ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് ഓഫ് കേരള കലാമണ്ഡലം ആസ് എ കൾച്ചറൽ ടൂറിസം ഡെസ്റ്റിനേഷൻ', 'ഡെവലപ്മെന്റ് ഓഫ് അഷ്ടമുടി ക്രൂസ് സർക്യൂട്ട് ' എന്നീ പദ്ധതികളെ സംബന്ധിച്ച പരാമർശങ്ങൾക്ക് വ്യക്തമായ മറുപടി നൽകിയിട്ടുണ്ട്.

വിസിറ്റ് കേരള പദ്ധതി

248 (5051) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രഖ്യാപിച്ച "വിസിറ്റ് കേരള" പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) മലബാർ മേഖലയിൽ ടൂറിസം വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രഖ്യാപിച്ച വിസിറ്റ് കേരള പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) മലബാർ മേഖലയിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

ബേക്കൽ ടൂറിസം പദ്ധതിയുടെ വികസനം

249 (5052) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബേക്കൽ ടൂറിസം പദ്ധതിയുടെ വികസനത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ പുതിയ പ്രവൃത്തികളാണ് ചെയ്തിട്ടുള്ളതെന്നും ആയതിന് ഓരോന്നിനും എത്ര രൂക വീതം ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി)

1. തൃക്കണ്ണാട്ട് ബീച്ച് വികസനത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 12 ലക്ഷം രൂപ അനുവദിച്ചു പ്രവൃത്തി ഉടനെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. മയിലാട്ടിയിൽ നിന്നും ഉദുമയിലേക്ക് അഡീഷണൽ ഫീഡർ ലൈൻ സ്ഥാപിക്കുവാൻ 80 ലക്ഷം രൂപ ചെലവിൽ പണി പൂർത്തീകരിച്ചു.

3. ബി.ആർ.ഡി.സി. ശുദ്ധജല വിതരണ പദ്ധതിയുടെ അറ്റകുറ്റപണികൾക്കായി 1 കോടി രൂപ അനുവദിച്ചു. കേരള വാട്ടർ അതോറിറ്റി മുഖേന പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചുവരുന്നു.

4. കൾച്ചറൽ സെന്റർ നിർമ്മാണത്തിനായി അനുവദിച്ച 4.43 കോടി രൂപയിൽ 2 കോടി രൂപ ഇതിനോടകം ബി.ആർ.ഡി.സി.-ക്ക് കൈമാറിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly